**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1260** **01-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന റോഡുകളുടെ നവീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയപാത 966 ൽ രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കരിപ്പൂർ അപ്രോച്ച് റോഡ് വികസന പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ബി) | എൻ.എച്ച് 966 കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെ ഉള്ള റോഡ് വികസിപ്പിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) | ദേശീയപാത 966 ൽ രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കരിപ്പൂർ അപ്രോച്ച് റോഡ് വികസന പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (സി) | ദേശീയപാതയിൽ കൊളത്തൂർ ജംഗ്ഷൻ മുതൽ എയർപോർട്ട് വരെ റോഡ് നവീകരിച്ച് അന്താരാഷ്ട്ര വിമാനത്താവളത്തിന് യോജിച്ച ആഗമന ഗേറ്റും ഫുട്പാത്തുകളും സ്ഥാപിക്കുന്നതിന് വേണ്ടി സമർപ്പിച്ച 19.5 കോടി രൂപയുടെ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (സി) | പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് വകുപ്പിന്റെ ലഭ്യത കൂടി ഉറപ്പ് വരുത്തി സമർപ്പിക്കാൻ നിർദ്ദേശം നൽകി. |
| (ഡി) | 2023 - 24 സംസ്ഥാന ബജറ്റിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന റോഡുകൾ നവീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ദേശീയപാത 966 ൽ രാമനാട്ടുകര മുതൽ എയർപോർട്ട് വരെയുള്ള ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. മറ്റു റോഡുകളുടെ കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ